**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ നയം 2023**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച വ്യവസായ നയം 2023-ന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ സാധ്യതകളും ദൗർബല്യങ്ങളും തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ കേരള വ്യവസായ നയം, 2023, സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഉത്തരവായി. പ്രസ്തുത വ്യവസായ നയത്തിന് അനുസൃതമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | രാജ്യത്തെ ഏറ്റവും വികസിതമായ ആധുനിക വ്യവസായങ്ങളുടെ ഹബ്ബാക്കി സംസ്ഥാനത്തെ മാറ്റുകയെന്ന ലക്ഷ്യം മുൻനിർത്തി വ്യവസായ നയം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പരിസ്ഥിതി–സാമൂഹികം–ഭരണം, അഥവാ ഇ.എസ്.ജി തത്ത്വങ്ങളിലൂന്നിയ നിക്ഷേപങ്ങൾക്കുള്ള ഹബ്ബ് ആയി കേരളത്തെ മാറ്റുക എന്നത് പുതിയ വ്യവസായ നയത്തിന്റെ ഒരു ലക്ഷ്യമാണ്. ഇ.എസ്.ജി നിക്ഷേപങ്ങളുടെ പ്രാധാന്യം സംസ്ഥാനം തിരിച്ചറിയുകയും അതിലധിഷ്ഠിതമായ ഉത്തരവാദിത്ത നിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഇഎസ്ജി റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന്, പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും പുതിയ വ്യവസായ നയം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ ഇ.എസ്.ജി നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്ക് വേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാനും നയം ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച് നവീന ആശയങ്ങൾ വളർത്തി സുസ്ഥിര വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ വ്യവസായ നയം 2023 പ്രകാരം മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്ത നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. പുതിയ കാലഘട്ടിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്ന തരത്തിൽ ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ളതും 22 മുൻഗണനാ മേഖലകൾ ഉൾപ്പെടുത്തിയുമാണ് വ്യവസായ നയം 2023 രൂപീകരിച്ചിരിക്കുന്നത്. |
| (ഡി) | വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ ഏറ്റവും അനുയോജ്യമായത് കേരളമാണ് എന്ന യാഥാർത്ഥ്യത്തിലൂന്നി സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പുതിയ വ്യവസായ വാണിജ്യ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അപ്രകാരം, 'സൺറൈസ്'/മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ/ പ്രോത്സാഹനങ്ങൾ ഇവയാണ്;<br><br>1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയ്ക്കു (4%) വായ്പകൾ ലഭ്യമാക്കൽ;<br><br>2. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ലഭ്യമാക്കൽ;<br><br>3. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കൽ;<br><br>4. എം. എസ്. എം. ഇ. സംരംഭങ്ങൾക്ക് പരമ്പരാഗത രീതിയിലുള്ള ധന സമാഹരണത്തിന് പുറമെ ഓഹരി |

വിപണനത്തിലൂടെ ധനസമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, അത്തരം നടപടിക്രമങ്ങൾക്ക് ചിലവാകുന്ന തുകയുടെ 50% തുക, പരമാവധി 1 കോടി രൂപയിൽ കവിയാതെ തിരികെ നൽകുന്നതിനുള്ള ശിപാർശ;

5. വൻകിട, മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപ വരെ) ഘട്ടം ഘട്ടമായി അനുവദിക്കുക;

6. വൻകിട, മെഗാ സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് മൂലധന നിക്ഷേപത്തിന് 100% സംസ്ഥാന ജി.എസ്.ടി റീഇംബേഴ്സ്മെൻറ്;

7. വൻകിട, മെഗാ സംരംഭങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം;

8. സർക്കാർ വ്യവസായ പാർക്കുകളിലും, അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, റെജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ശിപാർശ;

9. സ്ത്രീ സംരംഭകർക്കും, പട്ടിക ജാതി/ പട്ടിക വിഭാഗത്തിലുള്ള സംരംഭകർക്കും സംസ്ഥാന ത്തിന്റെ ഏത് ഭാഗത്തും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ശിപാർശ;

10. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം;

11. എല്ലാവിഭാഗം സംരംഭങ്ങൾക്കും വ്യാപാരമേള കളിൽ പങ്കെടുക്കുന്നതിനും, ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനും, ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്ന തിനും, സുസ്ഥിരതയ്ക്കു ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാ ഹനങ്ങൾ;

12. ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനം;

13. സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്കായി ഗവേഷണവികസന പ്രോത്സാഹനം;<br><br>14. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സിയിലൂടെ  ഒരു കോടി രൂപവരെയുള്ള  സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കൽ;<br><br>15. 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവാകുന്ന തുകയുടെ 50% റീഇംബേഴ്സ്മെൻറ് നൽകൽ;<br><br>16. PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ് . |

സെക്ഷൻ ഓഫീസർ